1812

# കുട്ടികളുടെ നാടൻ നൃത്തങ്ങൾ

39371

ഗ്രന്ഥകർത്താ,

പ്രേംനാഥ്

[റിസർച്ച് സ്കോളർ, കേരള സംഗീതനാടക അക്കാദമി.]

KOTTAYAM PUBLIC LIBRARY
KOTTAYAM

വില 0—40

വിദ്യാർത്ഥിമിത്രം ബുക്കഡിപ്പോ,
ബേക്കർ റോഡ്, കോട്ടയം.

VIDYARTHI MITHRAM
CHILDREN'S LITERATURE

# KUTTIKALUDE NADAN NRUTHANGAL

BY PREM NATH

1st Edition
**April 1963**

**Price Re. 0-40**

*Copy right reserved by Publishers.*

Publishers:
THE VIDYARTHI MITHRAM PRESS & BOOK DEPOT,
KOTTAYAM, KERALA STATE.

GENERAL EDITOR

KOSHY JOHN M. A., B. COM.

Printed at
THE VIDYARTHI MITHRAM PRESS,
KOTTAYAM.

---

*O. N. 399 *1000*

# പ്രസ്താവന

ശാരീരികമായും,മാനസികമായും, സാംസ്കാരിക മായും ഉണർവ്വും ഉന്മേഷവും നല്കുന്ന നമ്മുടെ നാടൻ പാട്ടുകളും, നാടൻ കലകളും, കാലത്തിനനുസൃത മായി പഴമ കളയാതെ പുതുമയോടുകൂടി വിദ്യാല യങ്ങളിൽ അവതരിപ്പിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു.

കേരളത്തിലെന്നു മാത്രമല്ല, ഭാരതത്തിലങ്ങോളമി ങ്ങോളം, കാണാവുന്ന പത്തു നാടൻ കലകളാണ് ഇതിലെ ഉള്ളടക്കം. ദേശീയോത്ഗ്രഥനത്തിനു് എൻെറ എളിയസേവനം അല്പമെങ്കിലും പ്രയോജന പ്പെട്ടുമെങ്കിൽ ഞാൻ കൃതാർത്ഥനാണു്. വിദ്യാഭ്യാസ ധുരന്ധരന്മാരുടേയും, കായികവിദഗ്ദ്ധന്മാരുടേയും പ്രത്യേക മേൽനോട്ടത്തിൽ ഒരു സംഘം യുവതീ യുവാക്കന്മാരെ ഇവ ബോധപൂർവ്വം പഠിപ്പിച്ചു് ഓരോ. സ്കൂളിലും അവതരിപ്പിക്കുകയും തദ്വാര, പ്രസ്തുത കലകളെപ്പററി സാമാന്യ പരിജ്ഞാനവും ഏകീ കൃത രീതിയിലുള്ള അവതരണവും നമ്മുടെ വിദ്യാല യങ്ങളിൽ ഉണ്ടാകുമെങ്കിൽ അഭികാമ്യമായിരിക്കും.

തൃശ്ശൂർ
10-4-63

പ്രേംനാഥ്

# ഉള്ളടക്കം


1. കുമ്മി.
2. തിരുവാതിരകളി.
3. പാർവള്ളിക്കളി.
4. മാണിക്കച്ചെമ്പഴുക്ക.
5. കൈകൊട്ടിക്കളി.
6. പെണ്ണിനെ തരുമോ തോഴിമാരെ.
7. പരിശകളി.
8. കുടുകുടു കളി.
9. തലപ്പന്തുകളി.
10. കിളിത്തട്ടുകളി.

# കുമ്മി

കിളിപ്പാട്ട്, ഗാഥ, കേക എന്ന വൃത്തങ്ങൾ പോലെ "കുമ്മിയും" നമ്മുടെ ഗാനരൂപങ്ങളിൽ പ്രാധാന്യമർഹിക്കുന്നതാണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള ചോദ്യോത്തരരീതിയിലാണ് കുമ്മിപ്പാട്ടു പാടുന്നത്. ഇംഗ്ലീഷിൽ Duet എന്നറിയപ്പെടുന്നതാണ് കേരളീയരുടെ കുമ്മി. രണ്ടു നർത്തകിമാർ വേഷവിഭൂഷിതരായി രംഗത്തുവന്ന് ചോദ്യോത്തരരൂപത്തിൽ പാട്ടുപാടി, പാട്ടിനു ചേരുന്ന വിധത്തിലുള്ള നടനവും, അഭിനയവും ഇരുകൈകൾകൊണ്ടും താളത്തിനൊത്ത് അടിച്ചും, ചാഞ്ഞും ചരിഞ്ഞും മെയ്യിളൊതുങ്ങിയും മുൻപോട്ടും, പിൻപോട്ടും ചാടിയും കുമ്മിയടിക്കുന്നതു കാണാൻ വളരെ ഇമ്പമുള്ളതാണ്. വിനോദവും, വിജ്ഞാനവും, വ്യായാമവും ഒരേ സമയത്തു നൽകുന്ന ചുരുക്കം ചില നാടൻ കലകളിൽ ഒന്നാണ് കുമ്മി. [സ്കൂളുകളിലും, കോളേജുകളിലും, ചോദ്യോത്തരരൂപത്തിൽ പാഠങ്ങൾ പഠിപ്പിക്കുന്നതിനും, പഞ്ചവത്സരപദ്ധതിയുടെ പ്രചരണത്തിനും, മതപഠനത്തിനായി ദേവാലയങ്ങളിലും അതിനുതകുന്ന ഗാനങ്ങൾ സംവിധാനം ചെയ്തു് കുമ്മിയടിക്കുവാൻ നമ്മുടെ ബാലികമാൎക്കു കഴിയുമെങ്കിൽ ഒരു നവീനകേരളം പടുത്തുയർത്തുവാൻ ഇത്ര സുന്ദരമായ മറെറാരു കലാശില്പം ഇല്ലെന്നുതന്നെ പറയാം.]

## പാട്ട്

കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെകിട്ടിയീക്കുപ്പിവള

കൊച്ചീക്കോട്ടയിൽ കുമ്മിയടിച്ചപ്പം
കൊച്ചച്ചൻതന്നതീക്കുപ്പിവള.

കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെകിട്ടിയീപാദസരം

കുമ്മിയടിക്കുവാൻ കൂട്ടത്തിപ്പോയപ്പം
സമ്മാനം കിട്ടിയീപ്പാദസരം.

കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെകിട്ടിയീ മുത്താക്കു്

കൊച്ചീക്കായലിൽ കപ്പലിൽവന്നവർ
കല്പിച്ചുതന്നതീ മുത്താക്കു്.

കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെകിട്ടിയീക്കണ്ണിളക്കം

മാനത്തുപൊന്നിൻെറ വിത്തുവിതച്ചവൻ
മാനിച്ചുതന്നതീക്കണ്ണിളക്കം.

# തിരുവാതിരകളി

യുവതികളുടെ ശാസ്ത്രീയമായ ഒരു സമൂഹനൃത്തമാണ് തിരുവാതിര. ശരീരത്തിനു കാന്തിയും, ചലനത്തിനു ചാരുതയും—ചൈതന്യവും, ശബ്ദത്തിനു ലയവും മാധുര്യവും നൽകുന്ന ഈ നൃത്തം കാലത്തിന്റെ ഗതിയിൽ വിസ്മൃതിയിലാണ്ടുവരികയാണ്. ശ്രീകൃഷ്ണനും—രാസലീലയുമാണ് ഈരടികളിൽ പ്രാധാന്യമർഹിക്കുന്ന പ്രതിപാദനവിഷയം. ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള ലളിതഗാനങ്ങൾ, താളത്തിന് അനുയോജ്യമായിട്ടുള്ള നൃത്തം, സമൂഹമായിട്ടുള്ള ഓരോ ചലനത്തിനും സൃഷ്ടിപരമായി ആസൂത്രണം ചെയ്തിട്ടുള്ള രൂപഭേദ, ആകെക്കൂടി നോക്കിയാൽ തിരുവാതിരകളി കേവലം നാടൻനൃത്തമാണെന്നുള്ള യാഥാർത്ഥ്യം നാം അത്ര ഗൗനിക്കാറില്ല. വിദഗ്ധനായ ഒരു ഗുരുവിന്റെ ശിക്ഷണത്തിൽ തുടർച്ചയായി ഒരു വർഷമെങ്കിലും പഠിക്കാതെ തിരുവാതിര കളിക്കുവാൻ കഴിയുന്നതല്ല. മെയ്വഴക്കപ്രധാനമായ നൃത്തം, കോലാട്ടം, താലംകൊണ്ടുള്ള കളി, കയറുപിന്നൽ മുതലായ നൃത്തങ്ങൾ തിരുവാതിരയുടെ ഘടകങ്ങളിൽ ചിലതെല്ലാമാകുന്നു. ഏകീകൃതവേഷസംവിധാനവും മറ്റൊരു പ്രത്യേകതയാകുന്നു. [ഗുജറാത്തിലെ "ഗർബ"യും, തമിഴ്നാട്ടിലെ "കുമ്മി"യും എന്നുവേണ്ട തിരുവാതിര മറു പേരുകളാൽ അറിയപ്പെട്ടുന്നുണ്ട്. നൃത്തസംവിധാനത്തിനോ, താളത്തിനോ യാതൊരു വ്യത്യാസവുമില്ലെന്നു മാത്രമല്ല ഈരടികളുടെ ആശയങ്ങൾക്കുപോലും സാമ്യമുള്ളതായി കാണാം.]

## പാട്ട്

പങ്കജാക്ഷൻ കടൽവർണ്ണൻ
വാസുദേവൻ ജഗന്നാഥൻ
നാരദാതിമുനിവരൻ
വന്നിതെൻ കൃഷ്ണൻ.

*　　*　　*　　*

മങ്കപ്പെണ്ണീപ്പെണ്ണും-മയിലപ്പെണ്ണീപ്പെണ്ണും
കൊച്ചുനീലിപ്പെണ്ണും-പൂവിറുത്തേ
ഇന്നല്ലിയോ പെണ്ണേ-തിരുവാതിരകളി
നമുക്കൊന്നാടി-ക്കളിച്ചുപോട്ടെ.

*　　*　　*　　*

ആലായാൽ തറവേണം
തറയ്ക്കൊരമ്പലം വേണം
ആലിനു ചേരുന്ന
കുളവും വേണം.

*　　*　　*　　*

മല്ലികപ്പൂതന്നലുമായ്-പലവിധംവഴിപോയി
അതിലൊരുപൂമണം-കേട്ടവിടെനിന്നേ
പൂവെനിക്കു ചൂടരുതേ-പൂവിലേറെയാശയുണ്ട്
പൂവിനെക്കാൾ നല്ല പൂവേ-ചെമ്പകപ്പൂവേ.

1812

# പാർവള്ളിക്കളി

യുവതികളും യുവാക്കന്മാരും ചേർന്നുള്ള ഒരു സമൂഹനൃത്തമാണു് പാർവള്ളിക്കളി. കൈകൾ കോർത്തു് വൃത്താകൃതിയിൽ നില്ക്കുന്ന കളിക്കാർ താളത്തിനൊത്തു പാട്ടുപാടി, ചുവടിന്മേൽ മുന്നോട്ടു ചാടി, മെയ്‌വഴക്കത്തോടുകൂടി കളിക്കുന്നതിനു് നല്ല പരിചയമുള്ളവർക്കേ സാധിക്കയുള്ളൂ. ഈരടികളിൽ കളിയുടെ രീതി വിവരിച്ചിട്ടുണ്ടു്. [കിൻറർഗാർട്ടനുകളിലും, പ്രൈമറിസ്കൂളുകളിലും അവതരിപ്പിക്കാവുന്ന ഒരു നല്ല വിനോദമാണു് ഇതു്.]

പാട്ടു്

ഇവിടൊരു കളിതുടങ്ങി -തിന്ത-തെയ്-തെയ്
എന്തൊരു കളിയാണേ -തിന്ത-തെയ്-തെയ്
പാർവള്ളിക്കളിയാണേ -തിന്ത -തെയ്-തെയ്
വട്ടംവട്ടം നിക്കിനെടോ -തിന്ത-തെയ്-തെയ്
ഓടിമണ്ടിക്കളിക്കിനെടോ-തിന്ത-തെയ്-തെയ്
ഞൊണ്ടി മണ്ടിക്കളിക്കിനെടോ -തിന്ത -തെയ്
താളംതല്ലിക്കളിക്കിനെടോ-തിന്ത-തെയ്-തെയ്
മുട്ടുതട്ടിക്കളിക്കിനെടോ -തിന്ത -തെയ്-തെയ്
കാലുരുട്ടിക്കളിക്കിനെടോ-തിന്ത-തെയ്-തെയ്
തുടതട്ടിക്കളിക്കിനെടോ -തിന്ത -തെയ്-തെയ്

(തുടർച്ച)

കണ്ണുരുട്ടികളിക്കിനെടോ–തിന്ത–തെയ്–തെയ്
മൂക്കുതൊട്ടുകളിക്കിനെടോ–തിന്ത–തെയ്–തെയ്
തോളുരുട്ടികളിക്കിനെടോ–തിന്ത–തെയ്–തെയ്
ഇടത്തോട്ടുകളിക്കിനെടോ–തിന്ത–തെയ്–തെയ്
വലത്തോട്ടുകളിക്കിനെടോ–തിന്ത–തെയ്–തെയ്
വട്ടം വട്ടം നിക്കിനെടോ –തിന്ത– തെയ്–തെയ്
പുറത്തോട്ടുമലരിനെടോ –തിന്ത –തെയ്–തെയ്
ഓടിമണ്ടിക്കളിക്കിനെടോ–തിന്ത–തെയ്–തെയ്
ഇവിടൊന്നിരിക്കിനെടോ –തിന്ത–തെയ്–തെയ്
അവിടുന്നെഴുന്നേറ്റേ –തിന്ത – തെയ് –തെയ്
പാർവള്ളിക്കുരുക്കുവീണേ–തിന്ത–തെയ്–തെയ്
പാർവള്ളിക്കുരുക്കഴിച്ചേ–തിന്ത–തെയ്–തെയ്
പൊലിവുപൊലിക്കണമേ–തിന്ത–തെയ്–തെയ്

~~39371~~

# മാണിക്കച്ചെമ്പഴക്ക

ഏഴു വയസ്സിനു താഴെയുള്ള കുട്ടികളുടെ വിനോദങ്ങളിൽ പ്രാധാന്യമർഹിക്കുന്നതാണ് ഈ കലാശില്പം. കൊച്ചുകുട്ടികളുടെ മാനസികവികാസത്തിന് ഇത്ര പ്രചോദനം നൽകുന്ന മറെറാരു കല വേറെ ഇല്ലെന്നുതന്നെ പറയാം.

ഒരു കുട്ടിയുടെ കണ്ണുകെട്ടി മദ്ധ്യത്തിൽ ഇരുത്തി അതനു ചുററും വൃത്തത്തിൽ മററു കുട്ടികൾ ഇരിക്കും. ലീഡർ പാട്ടു പാടുമ്പോൾ മററുള്ളവർ ഏററുപാടും. പാട്ടിൻെറ താളത്തിനൊത്ത് ചെമ്പഴക്ക ഒരുത്തൻെറ കയ്യിൽനിന്നും അടുത്തിരിക്കുന്ന കുട്ടിയുടെ കയ്യിലേക്കു പുറകുവശത്തുകൂടി പകരും. മദ്ധ്യത്തിൽ ഇരിക്കുന്ന കുട്ടി ആരുടെ കയ്യിൽ ചെമ്പഴക്കാ ഇരിക്കുന്നുവോ പ്രസ്തുത കുട്ടിയെ തൊട്ടുകാണിക്കുമ്പോൾ തൊട്ടുകാണിക്കപ്പെട്ട കുട്ടി മദ്ധ്യത്തിൽ വരണം. വിജയി പരാജിതൻെറ സ്ഥാനത്ത് മററുള്ളവരോടൊപ്പം ഇരിക്കും. വീണ്ടും പാട്ടുപാടി കളി തുടരും. കിൻറർഗാർട്ടൺ സ്കൂളുകളിലും പ്രൈമറിവിദ്യാലയങ്ങളിലും അവതരിപ്പിക്കാവുന്ന ഒരു കലാശില്പമാണ് ഇത്. ഭാരതത്തിൻെറ ഏതൊരു കോണിൽ ചെന്നാലും ഈ കളി കാണാനുണ്ട്.

## പാട്ട്

അക്കയ്യിലിക്കയ്യിലോ
മാണിക്കച്ചെമ്പഴക്കാ
തൊട്ടതറിയാതേം
മാണിക്കച്ചെമ്പഴക്കാ

(തുടർച്ച)

ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്കച്ചെമ്പഴുക്കാ
എന്റെയിടംകയ്യിലോ
മാണിക്കച്ചെമ്പഴുക്കാ

എന്റെവലംകയ്യിലോ
മാണിക്കച്ചെമ്പഴുക്കാ
ഒന്നുവലത്തുവെച്ചേ
മാണിക്കച്ചെമ്പഴുക്കാ.

# കൈകൊട്ടിക്കളി

യുവതികളുടെ മറെറാരു സമൂഹനൃത്തമാണ് കൈകൊട്ടിക്കളി. എട്ടോ—പത്തോ —പന്ത്രണ്ടോ—യുവതികൾ വട്ടത്തിൽ നിന്ന്, താളത്തിനു പാട്ടുപാടി, ചുവടുവച്ച് മൂന്നാം ചുവടിൽ മുന്നോട്ടു കയറി, നാലാം ചുവടിൽ നടന്നുകളിച്ച്, ഏഴാംചുവടിൽ പുറകോട്ടു പോരുമ്പോൾ ഇരു കൈകൾകൊണ്ടും താളം കൊട്ടി, താളത്തിനൊപ്പം താണിരുന്ന്, വീണ്ടും ചുവടിന്മേൽ നടന്നു കളിക്കയും, ചാടിക്കളിക്കയും ചെയ്യുന്നതു് വളരെ ആയാസമുള്ളതാകുന്നു. കാണികളുടെ കണ്ണും കാതും കവരുന്ന ഈ നൃത്തം കളിക്കുന്നവർക്ക് ആരോഗ്യവും നൽകുന്നു.

മയിൽപ്പേടകളെപ്പോലെ ആടിയും, കുയിലിനെപ്പോലെ പാടിയും, താണിരുന്നു പൂപറിക്കുന്നതുപോലെ അഭിനയിച്ചും, അമ്പും വില്ലുമായി പള്ളിമെത്തയിലാടി വരുന്ന തമ്പുരാന്റെ മുമ്പിൽ പുള്ളിമാൻപേടകളെപ്പോലെ ചാഞ്ചാടിയും, പൈങ്കിളിയെപ്പോലെ ചുററിപ്പറന്നും, ചിറമുമ്പിൽ പരൽമീൻ ഓടി മറയുന്നതുപോലെ അതിവേഗത്തിൽ ഓടി മറിഞ്ഞും, മുല്ലപ്പൂ ചൂടിയ തരുണിമണികൾ നിലവിളക്കിനു ചുററും നിഴലിടാതെ അതിവേഗത്തിൽ ചാടിയും ഉള്ള അഭിനയങ്ങൾ കൈകൊട്ടിക്കളിയുടെ പ്രത്യേകതകളാണ്. മന്ദഗതിയിലുള്ളവ അല്പംകൂടി വേഗതയുള്ളവ—ശീഘ്രഗതിയിലുള്ളവ, മൂന്നു തരത്തിലുള്ള കൈകൊട്ടിക്കളികൾ കേരളത്തിലെ പ്രത്യേക സാമൂഹ്യവ്യവസ്ഥിതിയുടെ പ്രതിഫലനമായി നിലവിലുള്ള

തിൽ മൂന്നുംകൂടി കോർത്തിണക്കിയ ഒരു പുതിയ സംവിധാനം സ്കൂളുകളിൽ അവതരിപ്പിച്ചാൽ നന്നായിരിക്കും.

## പാട്ട്

ഒന്നാകുംകുന്നിലും
ഓരടിക്കുന്നിലും
ഓരടീക്കന്നിമാർ
പാലനട്ടേ—തെയ്യം

പാലയ്ക്കിലവന്നു
കാവന്നു-പൂവന്നു
പാലയ്ക്കു-നീർകൊട്ട
കാർകുഴലി—തെയ്യം.

തക്കമിട്ടും-തെയ്യം
താളമിട്ടും-തെയ്യം
താളത്തി-നൊത്ത
മേളമിട്ടും—തെയ്യം.

* * * *

1812

(തുടർച്ച)

ഒന്നാംകടലക്കരെചെ്.നമ്മ
കൊണ്ടുവന്നമ്മ പനയോല
മുത്തുകുത്തും-പൊന്നോല
മുഖത്തണിയും-പൊന്നോല.

പാണ്ടിമംഗലം-പൊന്നോല
പടജയിച്ചുവന്നതും-പൊന്നോല
കൊല്ലത്തുരാജാവും കേറിവരികയും
ചെല്ലക്കുതിരയും-പൊന്നോല.

# പെണ്ണിനെ തരുമോ തോഴിമാരെ

"വടംവലി" പുരുഷന്മാർക്കു മാത്രമുള്ള ഒരു കളിയല്ലെന്നു് അതിപ്രാചീനകാലം മുതൽ നമ്മുടെ തരുണീമണികൾ തെളിയിച്ചിട്ടുള്ളതിനുദാഹരണമാണു് "പെണ്ണിനെ തരുമോ തോഴിമാരെ" എന്ന സമൂഹനൃത്തം. ഒരു സൈഡിൽ പത്തും പതിനഞ്ചും യുവതികൾ ഇരുഭാഗങ്ങളിലായി അണിനിരക്കും. മദ്ധ്യഭാഗത്തു് നീളമുള്ളതും ബലമുള്ളതുമായ ഒരു തണ്ടു് ഇട്ടിരിക്കും. ഒരു കൂട്ടർ താളത്തിനു പാട്ടുപാടി മുന്നേറുമ്പോൾ എതിർഭാഗക്കാർ അതേ താളത്തിലും ചിട്ടയിലും പുറകോട്ടു പോകും. പാടിയ പാട്ടിനു് ബദലുപാടി പുറകോട്ടു പോയവർ മുന്നേറുമ്പോൾ ആദ്യം മുന്നോട്ടു വന്നവർ സ്വാഭാവികമായി പിന്നിലേക്കു പോകും. വാദപ്രതിവാദങ്ങൾക്കുശേഷം ഇരുകൂട്ടരും വാശിയോടുകൂടി തണ്ടിനു പിടിക്കും. ആർക്കു് തണ്ടു കിട്ടുന്നുവോ അവർ വിജയികളാകും. ശാരീരികമായും, മാനസികമായും, സാംസ്കാരികമായും ഉണർവ്വും ഉന്മേഷവും നൽകുന്ന ഒന്നാംതരം നൃത്തസംവിധാനമാണു് ഇതു്. "രസകശി" എന്നാണു് ഹിന്ദിയിൽ ഈ കളിക്കു പറയുന്നതു്.

## പാട്ട്

അശകൊശലെ പെണ്ണുണ്ടോ
ചെറുഓശാരംപെണ്ണുണ്ടോ
സാമിരണ്ടുക്കുംപെണ്ണുണ്ടോ
തിരുക്കാവേലിമാപ്പിളയ്ക്കു്.

അശകൊശലെ പെണ്ണില്ല
ചെറുഓശാരം പെണ്ണില്ല
സാമിരണ്ടുക്കും പെണ്ണില്ല
തിരുക്കാവേച്ചി മാപ്പിളയ്ക്കു്.

ഒരാനയ്ക്കൊട്ടപ്പത്തുപൊന്നുതരാം
പൊന്നിട്ടപെട്ടകംപൂട്ടീംതരാം
പൂട്ടാത്താക്കോലൊളിച്ചുതരാം
ഇന്നാളുചോദിച്ച പെൺതരുമോ

ഒരാനയ്ക്കൊട്ടപ്പത്തുപൊന്നുംവേണ്ട
പൊന്നിട്ടപെട്ടകംപൂട്ടീംവേണ്ട
പൂട്ടാത്താക്കോലൊളിച്ചുംവേണ്ട
ഞങ്ങടിവിടെപെണ്ണുമില്ല

ഒരു കാതോളംവഴിനടന്നു
വെയിലുകൊണ്ടു ഞാംവരുമ്പോ
ഒരെടയ്ക്കാമോടംവെററിതണ്ണി
തായോ—നാത്തൂനാരേ!

തണ്ണിയിതാമണിക്കിണററിൽ
പാളയിതാകടിച്ചുകുത്തി
കയറതാണ്ടേ-മേപ്പടിക്കേ
കോരിക്കുടിയെടി-നാത്തൂനാരേ!

മലബാറിലും കൊച്ചിയിലും ഈ പാട്ടിന് പ്രാദേശീയമായ ചില രൂപഭേദങ്ങൾ കാണാനുണ്ട്.

## പാട്ട്

താലീപീലി-പെണ്ണുണ്ടോ
ചെറുതാമരയാളേ പെണ്ണുണ്ടോ
താലീപീലിപെണ്ണില്ല
ചെറുതാമരയാളേപെണ്ണില്ല.

മുഹമ്മദീയരുടെ ഇടയിലും ഈ രീതിയിലുള്ള പാട്ടു പാടാറുണ്ട്. കല്യാണപ്പാട്ടായിട്ടാണു് ഇക്കാലങ്ങളിൽ അറിയപ്പെടുന്നതു്.

മിന്നൊളിവിൽത്തൊളിപെണ്ണുണ്ടോ
മികവാസപുഷ്പപ്പെണ്ണുണ്ടോ
മിക്കുമലംകൃതപെണ്ണുണ്ടോ
മിന്നസപ്രശോഭിത മാരനിക്കു്.

*  *  *  *

കുരുകുരുമച്ചാംപെണ്ണുണ്ടോ
കുഞ്ഞാലിമച്ചാംപെണ്ണുണ്ടോ
മിക്കുമലംകൃതപെണ്ണുണ്ടോ
മിന്നസപ്രശോഭിത മാരനിക്കു്.

# പരിശകളി

മൂന്നു വയസ്സിൽ മുടിയിറക്കി, അഞ്ചുവയസ്സിൽ കാതുകുത്തി, ഏഴു വയസ്സിൽ എഴുത്തിനിരുത്തി, അക്ഷരവിദ്യയും, ആയുധവിദ്യയും അഭ്യസിപ്പിച്ചിരുന്ന കേരളത്തിലെ വിദ്യാഭ്യാസരീതിയെയാണു് കളരിയഭ്യാസമെന്നറിയപ്പെട്ടിരുന്നതു്. കളരിയെന്നാൽ വിദ്യാലയമെന്നു വിവക്ഷിക്കാം. ആയോധനവിദ്യയിൽ മെയ്‌വഴക്കമാണു് ആദ്യമായി അഭ്യസിപ്പിച്ചിരുന്നതു്. ശരീരത്തിനും, മാംസപേശികൾക്കും ലയവും മാർദ്ദവവും ഉറപ്പും വരുത്തിയതിനുശേഷമേ ചുവടുകളും മറിച്ചിലുകളും പഠിപ്പിക്കൂ. "മെയ്യും—ചുവടും" ഉറച്ചുശേഷം അങ്കങ്ങൾ പഠിക്കും. പ്രധാനമായ ഏഴു് അങ്കങ്ങളും, ഓരോ അങ്കത്തിനും ഇരുപത്തിരണ്ടു് പെരുക്കങ്ങളുമുണ്ടു്. "അടിയും—തടയും—വെട്ടും—കുത്തും—ഒഴിവും—മറിവും, ആയുധമില്ലാതെ പ്രതിയോഗിയെ നേരിടുന്നതിനും, ചതിവാളും വെട്ടുന്നവരോടും, കള്ളക്കോൽ പ്രയോഗിക്കുന്നവരോടും, ഏകനായി സമൂഹത്തോടു പൊരുതുന്നതിനും, മേലായം ചാടി, കീഴായത്തിനു് ഒഴിയുന്നതിനും—അൾമാറാട്ടവും" കേരളത്തിലെ കളരിയാശാന്മാർ അഭ്യസിപ്പിച്ചിരുന്നു. വാളും പരിശയും സൂക്ഷിക്കുന്നതും ഉപയോഗിക്കുന്നതും കുററകരമാക്കി നിയമം കെട്ടിപ്പൂട്ടത്തപ്പോൾ വടിയും തടികൊണ്ടുള്ള പരിശയും ഉപയോഗിച്ചു് കേരളത്തിന്റേതായ കലകൾ ഗ്രാമീണർ കാത്തുസൂക്ഷിച്ചവയിൽ ചിലതെല്ലാമാണു് പരിശകളി, പരിശമുട്ടുകളി, മാർഗ്ഗംകളി, കമ്പുകളി, കോലാട്ടം, ചുവടുകളി, വട്ടക്കളി, ഓച്ചിറക്കളി, വേലകളി ആദിയായവ. കളരിയഭ്യാസത്തിന്റെ

ഏറക്കുറെ മാതൃകകൾ ഉള്ളവയാണ് പരിശകളി. ഇപ്രകാരമുള്ള വീരപ്രബന്ധങ്ങളായ നൃത്തങ്ങൾ ലോകത്തിലെ ഏതൊരു ജനസമൂഹത്തിനിടയിലും കാണാനുണ്ട്. കേരളീയരുടെ ഈട്ടശനൃത്തസംവിധാനം മററാരേക്കാളും ഒട്ടും പിന്നോക്കമല്ലെന്നുള്ള യാഥാർത്ഥ്യം നാം ചിന്തിക്കാറില്ല.

കളരിവണക്കം:—

ഏറനാട്ടും കീർത്തിപ്പെട്ട
ഇമ്പമേറും കത്ത്യനാട്ടിൽ
അൻപത്തീരടി കളരികൾ വാവാ
കളരിഗ്ഗുരുനാഥനെ വാവാ.

* * * *

പച്ചനെല്ലും കതിരുകൾകൊത്തി
പറക്കുംപൈങ്കിളിത്തത്തേ
നീ കണ്ടോ പൊന്നാരത്തംകളരി കണ്ടോ
തക—തിമിർ—തെയ്.

* * * *

അങ്കപ്പയററ്:—

തെക്കുംവടക്കുംരണ്ടങ്കമിരുത്തി
കിഴക്കുംപടിഞ്ഞാറുംരണ്ടങ്കമിരുത്തി
എലിയങ്കംപുലിയങ്കംചിലനോട്ടമുറച്ചേ
കോഴിപ്പോരഭ്യാസങ്ങളു കാട്ടുന്നതുണ്ടേ.

* * * *

(തുടർച്ച)

പടയെ വെല്ലുവിളിക്കുന്നതു്:—

എതിർപ്പാനാരവിടെ
പടയ്ക്കായ് വന്നുഞങ്ങൾ
തടുപ്പാനായിവാളുംപരിശ
കയ്യിൽതകതിമിർ—തെയ്.

താളം:—

താംകുതളർകതി
തകിടതകതിമി
തേങ്കുജനതബ്ബി
ജനതബ്ബിംബ്ബതി
തേങ്കുതെയ്തക
തകിർത്തതരിടേ
ചട്ടമിത്താളം
ചിന്തിക്കുട്ടിടംമേളം
അതിലാട്ടവുംമേളം.

*   *   *   *

# കുടുകുടുകളി

ഏതാണ്ടു് പ്രാചീനയുദ്ധസമ്പ്രദായത്തിന്റെ രീതിയാണു കുടുകുടുകളി. അതിനാൽ ഇൻഡ്യയുടെ ഏതൊരുഭാഗത്തും ഈ കളി കാണാനുണ്ടു്. കടകം തിരിഞ്ഞു് അതിവേഗത്തിൽ ഓടുന്നതിനും, "കുടുകുടു" എന്നു പറഞ്ഞു് സാധാരണയിൽകവിഞ്ഞു് ശ്വാസം പിടിക്കുന്നതിനും, നാലഞ്ചുപേർ ചേർന്നു പിടിച്ചാലും തന്മയത്വത്തോടുകൂടി അവരിൽനിന്നെല്ലാം വഴുതി രക്ഷപ്പെട്ടു് സ്വന്തം കളത്തിൽ ഓടിയെത്തുന്നതിനുള്ള മനക്കരുത്തും, മനോധൎമ്മവും ഉള്ളവൎക്കു മാത്രമെ ഈ കളിയിൽ വിജയം നേടുവാൻ സാധിക്കയുള്ളു.


ഏകദേശം ഫുട്ബോൾ ഗ്രൗണ്ടിന്റെ അത്രയും വിസ്തീൎണ്ണമുള്ള കളത്തിന്റെ മദ്ധ്യഭാഗത്തു് ദൂരെ നോക്കിയാൽ കാണത്തക്കവിധത്തിൽ കുറുകെ വരയിട്ടു് ഇരുഭാഗങ്ങളിലും കളിക്കാർ അണിനിരന്നു കളി തുടങ്ങും. സാധാരണയായി അഞ്ചു മുതൽ പന്ത്രണ്ടു് ആളുകൾ വരെയാണു് ഒരു സൈഡിൽ കളിക്കുന്നതു്. ഒരാൾ "കുടുകുടു" എന്നു പറഞ്ഞു് മറുകളത്തിൽ കയറി, അവിടെനിന്നും പോരുന്നതുവരെ ശ്വാസം വിടാതെയും എതിരാളികൾക്കു പിടി കൊടുക്കാതെയും ആരെയെങ്കിലും ഒരാളെ തൊട്ടിട്ടു് ഓടി സ്വന്തം കളത്തിൽ വരുന്നതിനു മുമ്പു് മറുകക്ഷിയിലെ ആളുകളിൽഒരാൾ അയാളെ പിൻതുടൎന്നു കുടുകുടു എന്നു പറഞ്ഞു് എതിർകളത്തിൽ കയറും. തൊടാൻ അനുവദിച്ച വ്യക്തിയും എതിരാളികളാൽ ബന്ധനസ്ഥനായ വ്യക്തിയും കളിക്കാൻ പാടില്ല. അവരെ "ചത്ത"തായി കണക്കാക്കും. മറുകക്ഷിയിൽ ഒരാൾ ചത്താൽ എതിർകക്ഷിയിൽ

1812

ഒരാൾ ജീവിക്കും. ഒരു പാർട്ടിയിലുള്ളവരെല്ലാം ചാകുകയോ ബന്ധനസ്ഥരാകുകയോ ചെയ്താൽ അവർ കളിയിൽ പരാജിതരായി പ്രഖ്യാപിക്കും. നിശിതമായ നിയമത്തെ എതിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു അപകടസംപൂർണ്ണമായ കായികവിനോദമാണെങ്കിലും അത്യാഹിതങ്ങൾ സാധാരണയായി സംഭവിക്കാറില്ല.

KOTTAYAM PUBLIC LIBRARY
KOTTAYAM.
39371

കളത്തിന്റെ മാതൃക.



# തലപ്പന്തുകളി


തലപ്പന്തു് അഥവാ കുററിപ്പന്തുകളി വളരെ വാശിയേറിയ പന്തുകളിയാകുന്നു. നാടൻപന്തുകളിയെന്നാണു് ഇക്കാലങ്ങളിൽ അറിയപ്പെടുന്നതു്. "ഫുട്ബോൾ" കളിയേക്കാൾ വിനോദവും വ്യായാമവും നൽകുന്നതും അപകടരഹിതവുമായ ഒന്നാണു് നാടൻപന്തുകളി.

വാഴക്കച്ചി (ഏത്തവാഴയുടെ ഉണങ്ങിയ ഇല) ഇരുകൈകളിലും ഒതുങ്ങത്തക്ക വലുപ്പത്തിൽ ഉരുട്ടി വാഴനാരുകൊണ്ടു് കമനീയമായി വരിഞ്ഞുണ്ടാക്കിയ പന്താണു് കളിക്കുന്നതിനായി ഉപയോഗിക്കുന്നതു്. തുകലുകൊണ്ടുണ്ടാക്കിയ പന്തു് ഇക്കാലങ്ങളിൽ ചിലർ ഉപയോഗിക്കുന്നുണ്ടു്. ഇരുവശങ്ങളിലും കയ്യാല (കശ്ശാല) ഉള്ള എട്ടടിപ്പാതകളാണു് ഗ്രാമീണർ സാധാരണയായി കളിക്കുന്നതിനു് തിരഞ്ഞെടുക്കുന്ന സ്ഥലം. കളിയുടെ നിശ്ചിതമായ നിയമം പാലിക്കുന്നതിനു് പ്രസ്തുത സ്ഥലങ്ങൾക്കുള്ളതുകൊണ്ടാണു് അപ്രകാരമുള്ള സ്ഥലം തിരഞ്ഞെടുക്കുന്നതു്. ഏകദേശം ഫുട്ബോൾ ഗ്രൗണ്ടിനോളം നീളവും; പകുതിയിൽ കുറഞ്ഞ വീതിയുമാണു് നാടൻ പന്തുകളിയ്ക്കു് വേണ്ട ഗ്രൗണ്ടിന്റെ ഏകദേശ രൂപം. രണ്ടടി പൊക്കമുള്ള ഒരു കുററി നാട്ടി അതിനു പുറകിലായി ഒരു കൂട്ടരും ഗ്രൗണ്ടിന്റെ മറെറ അററത്തു് മറു ഭാഗക്കാരും അണിനിരന്നാണു് കളിക്കുന്നതു്. അഞ്ചു്, ഏഴു്, ഒൻപതു് എന്നീ ക്രമത്തിലായിരിക്കും ഓരോ ഭാഗത്തിലും കളിക്കാരെ വീതിക്കുന്നതു്. തലപ്പന്തു്, ഓററ, ഇരട്ട, പിടിച്ച്യാംകുത്തു്, താളം (കൈത്താളം

ഇടത്താളം) കാല്യംകീഴ്, ഇട്ടുവെട്ടു്, അല്ലെങ്കിൽ ഇട്ടാംവെട്ടു്, പട്ടം"— ഓരോന്നും മൂന്നു പ്രാവശ്യം കളിക്കണം, ഒററഒന്നു്, രണ്ടു്, ഒററ മൂന്നു്—എന്നു് മൂന്നു പോയിൻറടുത്തതിനു ശേഷമെ, ഇരട്ട ഒന്നു് എന്ന പോയിൻറ് എടുക്കാൻസാധിക്കയുള്ളു. ഒരാൾ തന്നെ ഈ മൂന്നു പോയിൻറും എടുത്തില്ലെങ്കിൽഅടുത്തയാൾ കളിക്കുമ്പോൾ ആദിമുതൽ തുടങ്ങണം, പന്തു് നേരെ അടിക്കണം. ഇരുവശങ്ങളിലുമുള്ള അതിർത്തി വിട്ടുപോകാൻ പാടില്ല. ഒരിക്കൽ കയ്യോ കാലോ പന്തിനായി ഓങ്ങിയാൽ പന്തിൽ കൊള്ളുകയും പന്തു നേരെ പോകയും വേണം. ഉയർന്നുവരുന്ന പന്തു പിടിച്ചു് നിലത്തു തൊട്ടതിനുശേഷം ഉരുട്ടി കുററിയിൽ കൊള്ളിച്ചാൽ ഒരു പോയിൻറു കിട്ടും. കുററിയുടെ ഭാഗത്തു നില്ക്കുന്നവർ ഉയർന്നുവരുന്ന പന്തു്നിലത്തു വീഴുന്നതിനു മുമ്പു പിടിച്ചാൽ അവർക്കു് ഒരു പോയിൻറു കിട്ടും. മററു യാതൊരു സമയത്തും പന്തു് കൈകൊണ്ടു പിടിക്കുന്നതിനോ തൊടുന്നതിനോ അനുവാദമില്ലെന്നു മാത്രമല്ല അഥവാതൊട്ടാൽ ഒരു പോയിൻറു നഷ്ടപ്പെടുകയും ചെയ്യും. തന്നെയല്ല തദ്വാരാ എതിരാളികൾക്കു് ഒരു പോയിൻറു് ലഭിക്കുകയുംചെയ്യും.

"ഒററ, ഇരട്ട, താളം" എന്ന പ്രയോഗങ്ങൾ വളരെ അർത്ഥവത്താകുന്നു. ഉദാഹരണമായി, "കാല്യം കീഴ്" കളിക്കുമ്പോൾ കാലിൻെറ ഇടയിൽകൂടി പന്തെടുത്തു് മുകളിലേക്കെറിഞ്ഞു് താഴോട്ടു് വരുമ്പോൾ കൈകൊണ്ടു് അടിക്കുന്നു. "പട്ടം" അടിച്ചു്മൂന്നു പോയിൻറടുത്താൽ കളി ജയിച്ചു. കാണാൻ രസമുള്ളതും വളരെ വാശിയേറിയതുമാണു്ഈ കളി.


**തലപ്പന്തുകളിയുടെ ഗ്രൗണ്ടിൻെറ ഏകദേശരൂപം.**



# കിളിത്തട്ടുകളി

ആയാസമുള്ളതും അപകടം നിറഞ്ഞതുമാണ് കിളിത്തട്ടുകളി. സാധാരണയായി അഞ്ചുപേർ വീതമുള്ള രണ്ടു ഭാഗക്കാരാണ് കളിക്കുന്നത്. ഒരാൾ "കിളിയും" ബാക്കി നാലുപേർ എതിരാളികളെ തങ്ങളുടെ തട്ടിൽ കാക്കുന്നവരുമാകുന്നു. ചിലപ്പോൾ രണ്ടു ഭാഗക്കാർക്കുംകൂടിയും ഒരു പൊതുക്കിളി ആയിരിക്കും. തട്ടിന്റെ നാലു വശത്തുമുള്ള വരയിൽ കൂടിയും നടുവരയിൽ കൂടിയും, നിന്നോ നടന്നോ, ഓടിയോ, കോണോടുകോൺ ചാടിയോ എതിരാളികളെ തൊടാൻ അവർ കിളിക്കു സൗകര്യം കൊടുത്താൽ അവൎക്ക് കളിക്കുന്നതിനുള്ള ചാൻസ് നഷ്ടപ്പെടുകയും, മറ്റു് പാർട്ടിക്ക് ഉടനെ ചാൻസുകൊടുക്കുകയും വേണം. അതുപോലെ കാത്തുനില്ക്കുന്നവരുടെ കളത്തിൽനിന്നും മറു കളത്തിലേക്കു കടക്കുമ്പോൾ തൊടുന്നതിന് അനുവദിച്ചാലും അവരുടെ ചാൻസ് നഷ്ടപ്പെടും. കിളി പാസുകൊടുക്കുന്ന വശത്തുകൂടി മുകളിൽ പറഞ്ഞ നിയമങ്ങൾക്ക് വിധേയമായി കാത്തുനില്ക്കുന്നവരുടെ ഒന്നാം കളവും, രണ്ടാം, കളവും, മൂന്നാം കളവും, നാലാം കളവും കഴിഞ്ഞു് പുറത്തുപോയി വീണ്ടും താഴെനിന്നും മുകളിലേക്കു വരും. താഴോട്ടു വരുന്നവരെ "ചപ്പെ"ന്നും മുകളിലേക്കു വരുന്നവരെ "ഉപ്പെ"ന്നും പറയും. ഒരു സമയത്തു് ഉപ്പും ചപ്പും ഒരു കളത്തിൽ വരാൻ പാടില്ല. നടുവരയിൽ പൂട്ടിട്ടു് എതിരാളികൾക്കു കളിക്കുന്നതിനുള്ള സ്വാതന്ത്ര്യം തടയാൻ കിളിക്കവകാശമുണ്ടു്. ആരെങ്കിലും ഒരാൾ ഉപ്പുകയറിയാൽ ആ പാർട്ടി ജയിച്ചു. ഈ ചെറിയ വിവരണം കളിയുടെ പൂർണ്ണരൂപമല്ല.

## കിളിത്തട്ടു കളിയുടെ തട്ട്



**N. B.** ഡോട്ട് ലൈനുള്ള എല്ലാ സ്ഥലത്തും കിളിക്കു പോകാനുള്ള അധികാരമുണ്ടു്. അവരെ വരയിൽ നിന്നുകൊണ്ടു് എതിരാളികളെ അടിക്കുന്നതിനോ ഇങ്ങേ അററം തൊടുന്നതിനു പോലും സൗകര്യം കൊടുത്താൽ അവർ മററുള്ളവൎക്കു പാസ്സുകൊടുക്കണം.



1812

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)
Cl. No. MA-10 Acc No. 1812
This book should be returned on or before the date last stamped below.

MA-10 1812

MA-10

പ്രേം നാഥ്

കുട്ടികളുടെ നാടൻ നൃത്തങ്ങൾ

1812